# 2020-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും

2020 ഫെബ്രുവരി 7-ാം തീയതി സമർപ്പിച്ചത്

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2020

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**2020-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും**

79/2020.

## ഉള്ളടക്കം


*പേജ്*

1. ഘടന .. v

2. റിപ്പോർട്ട് .. 1

3. അനുബന്ധം :

   I. വിയോജനക്കുറിപ്പ് .. 3

   II. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ബിൽ .. 5

# സബ്ജക്ട് കമ്മിറ്റി IX
## (തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും)
## (2019-2021)

**ഘടന**

ചെയർമാൻ :

ശ്രീ. എ. സി. മൊയ്തീൻ,

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗം :

ശ്രീ. ഇ. ചന്ദ്രശേഖരൻ,

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീമതി പി. അയിഷാ പോറ്റി

ശ്രീ. മഞ്ഞളാംകുഴി അലി

ശ്രീ. അനിൽ അക്കര

ശ്രീ. കെ. ആൻസലൻ

ശ്രീ. പി. വി. അൻവർ

ശ്രീ. കെ. ബാബു

ശ്രീ. പി. ഉബൈദുള്ള

ശ്രീ. ഇ. കെ. വിജയൻ

ശ്രീ. ടി. ജെ. വിനോദ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. രാജു. കെ. എ., ജോയിന്റ് സെക്രട്ടറി

ശ്രീ. സുരേഷ് കുമാർ ജി. എസ്., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. അനിൽ കുമാർ ബി., അണ്ടർ സെക്രട്ടറി.

# 2020-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

(സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്)

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ പരിഗണനയ്ക്കായി അയച്ച 2020-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ (ബിൽ നമ്പർ 239), സമിതി ഖണ്ഡം ഖണ്ഡമായി പരിഗണിച്ചതനുസരിച്ചുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നു.

2. 2020-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ, 2020 ജനുവരി 23-ാം തീയതി ഒരു അസാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ചു. ഈ ബിൽ 2020 ഫെബ്രുവരി 6-ാം തീയതി സഭയിൽ അവതരിപ്പിക്കുകയും അന്നേ ദിവസം തന്നെ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

3. 2020 ഫെബ്രുവരി 6-ാം തീയതി സമിതി യോഗം ചേർന്ന് ബിൽ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതിയോടെ അംഗീകരിക്കുകയും ചെയ്തു:

ബില്ലിലെ തത്വപ്രഖ്യാപനവാക്യത്തിൽ 'എഴുപതാം' എന്ന വാക്കിനുപകരം 'എഴുപത്തിയൊന്നാം' എന്ന വാക്ക് ചേർക്കുക.

4. മറ്റ് ഭേദഗതികൾ ആനുഷംഗികമോ ഘടനാപരമോ ആണ്.

5. വിയോജനക്കുറിപ്പും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ബില്ലും അനുബന്ധമായി ചേർത്തിരിക്കുന്നു.

എ. സി. മൊയ്തീൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി IX.*

തിരുവനന്തപുരം,
2020 ഫെബ്രുവരി 6.

79/2020.

## അനുബന്ധം I

## വിയോജനക്കുറിപ്പ്

2020-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലിലൂടെ മൂലനിയമത്തിൽ കൊണ്ടുവന്നിട്ടുള്ള ഭേദഗതി നിർദ്ദേശം 1948-ലെ സെൻസസ്സ് ആക്ടിലെയും, അതിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങളുടെയും നിബന്ധനകൾക്ക് വിരുദ്ധമാണ്. 1948-ലെ സെൻസസ്സ് ആക്ടിന്റെ 18-ാം വകുപ്പിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ചിട്ടുള്ള സെൻസസ്സ് ചട്ടത്തിന്റെ 8(4) പ്രകാരം സെൻസസ്സ് ആരംഭിക്കുന്നതിന് ഒരു വർഷം മുൻപ് സെൻസസ്സ് യൂണിറ്റുകളുടെ അതിരുകളിൽ യാതൊരു മാറ്റവും വരുത്തരുതെന്ന് നിർദ്ദേശമുണ്ട്. ഇത് ചൂണ്ടിക്കാണിച്ചുകൊണ്ട് 31-12-2019-ന് ശേഷം സെൻസസ്സ് യൂണിറ്റുകളുടെ അതിർത്തിക്ക് യാതൊരു മാറ്റവും വരുത്തരുതെന്ന് രജിസ്ട്രാർ ജനറൽ ആന്റ് സെൻസസ്സ് കമ്മീഷണർ ഓഫ് ഇന്ത്യ, സംസ്ഥാന ചീഫ് സെക്രട്ടറിക്ക് 6-9-2019-ൽ തന്നെ കത്ത് നൽകിയിരുന്നു. ഇതിന് വിരുദ്ധമായിട്ടാണ് മുനിസിപ്പാലിറ്റികളിലെ കൗൺസിലർമാരുടെ സ്ഥാനങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുവാനുള്ള ഭേദഗതി നിർദ്ദേശം കൊണ്ടുവന്നിട്ടുള്ളത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സ്ഥാനങ്ങളുടെ എണ്ണം ഏറ്റവും കുറവും, ഏറ്റവും കൂടിയതും മാത്രം കണക്കാക്കിയാണ് ഭേദഗതി നിയമം കൊണ്ടുവന്നിരിക്കുന്നത്. ഇത് ചെറിയ തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ എണ്ണം ഒന്നിൽ കൂടുതൽ കൂടുന്നതിനും, വലിയ തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ പരമാവധി ഒന്നുമാത്രം കൂടുന്നതിനും ഇടയാക്കും. ഇത് ഏകീകൃത സ്വഭാവം നഷ്ടമാക്കുന്ന ഒന്നാണ്. ആയതിനാൽ ഈ ഭേദഗതി നിർദ്ദേശങ്ങളോട് വിയോജിപ്പ് രേഖപ്പെടുത്തുന്നു.

| | |
|---|---|
| മഞ്ഞളാംകുഴി അലി | (ഒപ്പ്) |
| അനിൽ അക്കര | (ഒപ്പ്) |
| പി. ഉബൈദുള്ള | (ഒപ്പ്) |
| ടി. ജെ. വിനോദ് | (ഒപ്പ്) |

അനുബന്ധം II

# 2020-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

(സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ളത്)

[അടിയിൽ വരച്ചിരിക്കുന്നത് സബ്ജക്റ്റ് കമ്മിറ്റി നിർദ്ദേശിച്ച ഭേദഗതിയെ സൂചിപ്പിക്കുന്നു.]

## 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള ഒരു ബിൽ

പീഠിക.—1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് (1994-ലെ 20) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയൊന്നാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2020-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 6-ാം വകുപ്പിനുള്ള ഭേദഗതി.—1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ (1994-ലെ 20) 6-ാം വകുപ്പ് (3) -ാം ഉപവകുപ്പിൽ,—

(എ) (എ)ഖണ്ഡത്തിൽ,—

(i) (i)-ാം ഉപഖണ്ഡത്തിലെ "ഇരുപത്തിയഞ്ചും" എന്ന വാക്കിന് പകരം "ഇരുപത്തിയാറും" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(ii) (ii)-ാം ഉപഖണ്ഡത്തിലെ "അൻപത്തിരണ്ട്" എന്ന വാക്കിന് പകരം "അൻപത്തിമൂന്ന്" എന്ന വാക്കും "ഇരുപത്തിയഞ്ചും" എന്ന വാക്കിന് പകരം "ഇരുപത്തിയാറും" എന്ന വാക്കും ചേർക്കേണ്ടതാണ്;

(ബി) (ബി)ഖണ്ഡത്തിൽ,—

(i) (i)-ാം ഉപഖണ്ഡത്തിലെ "അൻപത്തിയഞ്ചും" എന്ന വാക്കിന് പകരം "അൻപത്തിയാറും" എന്ന വാക്ക് ചേർക്കേണ്ടതാണ് ;

(ii) (ii)-ാം ഉപഖണ്ഡത്തിലെ "നൂറ്" എന്ന വാക്കിന് പകരം "നൂറ്റിയൊന്ന്" എന്ന വാക്കും "അൻപത്തിയഞ്ചും" എന്ന വാക്കിന് പകരം "അൻപത്തിയാറും" എന്ന വാക്കും ചേർക്കേണ്ടതാണ്.

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2020 ഫെബ്രുവരി 6.

എസ്. വി. ഉണ്ണികൃഷ്ണൻ നായർ,
*സെക്രട്ടറി.*